ഫയൽ നം. 16/1/20 20പി&ജി/നയം
ഭാരത സർക്കാർ
സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ മന്ത്രാലയം
ഡവലപ്മെന്റ് കമ്മീഷണറുടെ കാര്യാലയം (സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ)
(നയ, ഭരണനിർവഹണ വിഭാഗം)
(പി-14109)

എ-വിംഗ്, 7ാം നില,
നിർമ്മാൺ ഭവൻ, മൗലാന ആസാദ് റോഡ്,
ന്യൂ ഡൽഹി-11 01 08
തീയതി: 13 ജൂലൈ, 2020

ഓഫീസ് മെമ്മോറാണ്ടം

വിഷയം: വിജ്ഞാപനങ്ങൾ പ്രാദേശിക ഭാഷയിൽ പരിഭാഷപ്പെടുത്തുന്നത്-സംബന്ധിച്ച്.

ഇതോടൊപ്പമുള്ള പ്രമാണങ്ങൾ, അതായത് എം.എസ്.എം.ഇ.കളുടെ വർഗ്ഗീകരണം സംബന്ധിച്ച വിജ്ഞാപനങ്ങൾ 26.06.2020 തീയതിയിലെ എസ്.ഒ.2119, 23.03.2012 തീയതിയിലെ പി.പി. പോളിസി നം. എസ്.ഒ. 581 (ഇ), 19.11.2018 തീയതിയിലെ എസ്.ഒ.5670 (ഇ) എന്നിവ, ബന്ധപ്പെട്ട സംസ്ഥാന ഔദ്യോഗിക ഭാഷാ വകുപ്പ് അല്ലെങ്കിൽ സംസ്ഥാന സർക്കാറിനു കീഴിലുള്ള ഭാഷാ ഇൻസ്റ്റിട്യൂട്ടിൽ / സംസ്ഥാന വ്യവസായ / എം.എസ്.എം.ഇ. ഡയറക്ടറേറ്റിൽ നിന്ന് ഇതോടൊപ്പം ചേർത്തിട്ടുള്ള പട്ടികയിലുള്ള പ്രാദേശിക ഭാഷയിൽ ലഭ്യമാക്കേണ്ടതാണെന്ന് എല്ലാ എം.എസ്.എം.ഇ. ഡയറക്ടറേറ്റുകളിലെയും ഡയക്ടർമാരോട് ആവശ്യപ്പെടാൻ ചുവടെ ഒപ്പിട്ടിരിക്കുന്ന വ്യക്തിക്ക് നിർദേശം ലഭിച്ചിരിക്കുന്നു. പരിഭാഷപ്പെടുത്തിയ പ്രമാണങ്ങളുടെ സോഫ്ട് കോപ്പികളും ഹാർഡ് കോപ്പികളും ഈ കത്ത് ഇഷ്യൂ ചെയ്ത തീയതി മുതൽ 10 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ ചുവടെ ഒപ്പിട്ടിരിക്കുന്ന വ്യക്തിക്ക് ലഭ്യമാക്കേണ്ടതാണ് (msmepolicy710@yahoo.com & akverma@dcmsme.gov.in)

2. ഇത് ഇഷ്യൂ ചെയ്തിരിക്കുന്നത് അഡീഷണൽ ഡവലപ്മെന്റ് കമ്മീഷണർ (പോളിസി) യുടെ അനുമതിയോടു കൂടിയാണ്.

ഉള്ളടക്കം/ മേൽപറഞ്ഞിരിക്കുന്നത്

| ക്രമ നം. | ഭാഷ | ബന്ധപ്പെട്ട എം.എസ്എം.ഇ. ഡയറക്ടറേറ്റ് |
|---|---|---|
| 1. | ആസ്സാമീസ് | ഗുവാഹട്ടി |
| 2. | ബംഗാളി | കൊൽക്കത്ത |
| 3. | ബോഡോ | ഗുവാഹട്ടി |
| 4. | ഡോഗ്രി | ജമ്മു |
| 5. | ഗുജറാത്തി | ആഹമദബാദ് |
| 6. | കന്നഡ | ബംഗളൂരു |
| 7. | കാശ്മീരി | ശ്രീനഗർ |
| 8. | കൊങ്കണി | ഗോവ |
| 9. | മൈഥിലി | കാൺപൂർ |
| 10. | മലയാളം | തൃശൂർ |
| 11. | മണിപ്പൂരി | ഇംഫാൽ |
| 12. | മറാത്തി | നാഗ്പൂർ |
| 13. | നേപ്പാളി | ഗാംഗ്ടോക്ക് |
| 14. | ഒഡിയ | കട്ടക്ക് |
| 15. | പഞ്ചാബി | ലുധിയാന |
| 16. | സംസ്കൃതം | ആഗ്ര |
| 17. | സന്താളി | ജാർഖണ്ഡ് |
| 18. | സിന്ധി | മുംബൈ |
| 19. | തമിഴ് | ചെന്നൈ |
| 20. | തെലുങ്ക് | വിശാഖപട്ടണം |
| 21. | ഉർദു | ഹൈദരാബാദ് |

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ മന്ത്രാലയം

വിജ്ഞാപനം

ന്യൂഡൽഹി, 26 ജൂൺ 2020

എസ്.ഒ. 2119 (ഇ) - ഇനിമേൽ ഇതിൽ പ്രസ്തുത ആക്ട് എന്ന് സൂപിപ്പിക്കപ്പെടുന്ന 2006ലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ വികസന ആക്ടിന്റെ (2006ലെ 27) സെക്ഷൻ 8ന്റെ ഉപസെക്ഷൻ (3) നോട് ചേർത്തുവായിക്കുന്ന ഉപസെക്ഷൻ (2) നോടും സെക്ഷൻ 7ന്റെ ഉപസെക്ഷൻ (9)നോടും ചേർത്തുവായിക്കുന്ന ഉപസെക്ഷൻ (1) മൂലം നല്കപ്പെട്ടിരിക്കുന്ന അധികാരങ്ങൾ വിനിയോഗിച്ചും, ഭാരതത്തിന്റെ ഗസറ്റ്, അസാധാരണം, പാർട്ട് II, സെക്ഷൻ 3, ഉപ-സെക്ഷൻ (ii)ൽ പ്രസിദ്ധീകരിച്ച ഭാരത സർക്കാറിന്റെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ മന്ത്രാലയത്തിന്റെ 2020 ജൂൺ 1 തീയതിയിലെ എസ്.ഒ.1702 (ഇ), , 23.03.2012 തീയതിയിലെ പി.പി. പോളിസി നം. എസ്.ഒ. 581 (ഇ), 19.11.2018 തീയതിയിലെ എസ്.ഒ.5670 (ഇ), 2017 ജൂൺ 30 തീയതിയിലെ എസ്.ഒ. 2052 (ഇ), 2013 നവംബർ 1 തീയതിയിലെ എസ്.ഒ.3322 (ഇ), 2006 ഒക്ടോബർ 5 തീയതിയിലെ എസ്.ഒ. 1722 (ഇ) എന്നീ നമ്പറുകളിലുള്ള വിജ്ഞാപനങ്ങൾ അസാധുവാക്കുന്നതിന് മുമ്പ് ചെയ്തതോ ചെയ്യാൻ വിട്ടുപോയതോ ആയകാര്യങ്ങൾ അസാധുവാക്കിക്കൊണ്ടും, ഇക്കാര്യത്തിൽ ഉപദേശക സമിതിയുടെ ശുപാർശകൾ കരസ്ഥമാക്കിക്കൊണ്ടും, കേന്ദ്ര സർക്കാർ, സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളായി സംരംഭങ്ങളെ വർഗ്ഗീകരിക്കുന്നതിനുള്ള ചില മാനദണ്ഡങ്ങൾ ഇതിനാൽ വിജ്ഞാപനം ചെയ്യുകയും, ചുവടെപറയുന്ന പ്രകാരം, 2020 ജൂലൈ മാസം 1-ാം തീയതി മുതൽ പ്രാബല്യത്തോടെ മെമ്മോറാണ്ടം (ഇനിമേൽ ഈ വിജ്ഞാപനത്തിൽ "ഉദ്യം റെജിസ്ട്രേഷൻ" എന്ന് അറിയപ്പെടുന്നതാണ്) ഫയൽ ചെയ്യുന്നതിനുള്ള നടപടിക്രമവും അതിന്റെ മാതൃകയും നിർദേശിക്കുകയും ചെയ്യുന്നു:-

1. **സംരംഭങ്ങളുടെ വർഗ്ഗീകരണം.-** ഒരു സംരംഭത്തെ ചുവടെപറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഒരു സൂക്ഷ്മ, ചെറുകിട അല്ലെങ്കിൽ ഇടത്തരം സംരംഭമായി വർഗ്ഗീകരിക്കാവുന്നതാണ്:-

(i) **സൂക്ഷ്മ സംരംഭം** : പ്ലാന്റ്, യന്ത്രങ്ങൾ അല്ലെങ്കിൽഉപകരണങ്ങളിലുള്ള നിക്ഷേപം ഒരു കോടി രൂപയിൽ കവിയാത്തതും, വിറ്റുവരവ് അഞ്ച് കോടി രൂപയിൽ കവിയാത്തതുമായത്.

(ii) **ചെറുകിട സംരംഭം** : പ്ലാന്റ്, യന്ത്രങ്ങൾ അല്ലെങ്കിൽഉപകരണങ്ങളിലുള്ള നിക്ഷേപം പത്ത് കോടി രൂപയിൽ കവിയാത്തതും, വിറ്റുവരവ് അമ്പത് കോടി രൂപയിൽ കവിയാത്തതുമായത്.

(iii) **ഇടത്തരം സംരംഭം** : പ്ലാന്റ്, യന്ത്രങ്ങൾ അല്ലെങ്കിൽഉപകരണങ്ങളിലുള്ള നിക്ഷേപം അമ്പത് കോടി രൂപയിൽ കവിയാത്തതും, വിറ്റുവരവ് ഇരുന്നൂറ്റമ്പത് കോടി രൂപയിൽ കവിയാത്തതുമായത്.

**2.ഒരു സൂക്ഷ്മ, ചെറുകിട അല്ലെങ്കിൽ ഇടത്തരം സംരംഭമാകുന്നത്.-**

(1) ഒരു സൂക്ഷ്മ, ചെറുകിട അല്ലെങ്കിൽ ഇടത്തരം സംരംഭം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഏത് വ്യക്തിയും, പ്രമാണങ്ങളോ, രേഖകളോ, സാക്ഷ്യപത്രങ്ങളോ, തെളിവുകളോ അപ്‌ലോഡ് ചെയ്യേണ്ട ആവശ്യമില്ലാതെ തന്നെ. സ്വയം-പ്രസ്താവനയുടെ അടിസ്ഥാനത്തിൽ, ഉദ്യം റെജിസ്ട്രേഷൻ പോർട്ടലിൽ ഓൺലൈനായി ഉദ്യം റെജിസ്ട്രേഷൻ സമർപ്പിക്കണം.

(2)റെജിസ്റ്റർ ചെയ്യുമ്പോൾ, ഒരു സംരംഭത്തിന് (ഉദ്യം റെജിസ്ട്രേഷൻ പോർട്ടലിൽ "ഉദ്യം" എന്ന് സൂചിപ്പിക്കപ്പെടുന്നു) "ഉദ്യം റെജിസ്ട്രേഷൻ നമ്പർ" എന്നറിയപ്പെടുന്ന ഒരു സ്ഥിരം തിരിച്ചറിയൽ നമ്പർ നല്കുന്നതാണ്.

(3) റെജിസ്ട്രേഷൻ പ്രക്രിയ പൂർത്തിയാകുമ്പോൾ "ഉദ്യം റെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്" ഇഷ്യൂ ചെയ്യുന്നതാണ്.

**3. വർഗ്ഗീകരണത്തിനുള്ള നിക്ഷേപവും വിറ്റുവരവും സംബന്ധിച്ച സമ്മിശ്ര മാനദണ്ഡങ്ങൾ.-**

(1) ഒരു സംരംഭത്തെ സൂക്ഷ്മം, ചെറുകിട അല്ലെങ്കിൽ ഇടത്തരം എന്നു തരംരിക്കുന്നതിനായി നിക്ഷേപവും വിറ്റുവരവും സംബന്ധിച്ച ഒരു സമ്മിശ്ര മാനദണ്ഡം ബാധകമാകുന്നതാണ്.

(2) ഒരു സംരംഭം അതിന്റെ കാറ്റഗറിയ്ക്കുള്ള രണ്ട് മാനദണ്ഡങ്ങളായ നിക്ഷേപത്തിന്റെയോ അല്ലെങ്കിൽ വിറ്റുവരവിന്റെയോ നിലവിലെ നിശ്ചിത സീലിംഗ് പരിധികൾ മറികടക്കുകയാണെങ്കിൽ, അത് ആ കാറ്റഗറിയിൽ നിലനില്ക്കുന്നത് അവസാനിക്കുകയും തൊട്ടുമുകളിലുള്ള കാറ്റഗറിയിലേക്ക് മാറുന്നതുമാണ്, എന്നാൽ ഒരു സംരംഭവും അതിന്റെ കാറ്റഗറിയ്ക്കായുള്ള നിക്ഷേത്തെയും അതുപോലതന്നെ വിറ്റുവരവിനെയും സംബന്ധിച്ച് നിഷ്കർഷിച്ചിട്ടുള്ള രണ്ട് മാനദണ്ഡങ്ങളിലും താഴെ പോകാത്തപക്ഷം തൊട്ടുതാഴെയുള്ള കാറ്റഗറിയിലേക്ക് പോകുന്നതല്ല.

(3) ഒരേ പെർമനന്റ് അക്കൗണ്ട് നമ്പർ (പാൻ) ന് എതിരെ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ഐഡന്റിഫിക്കേഷൻ നമ്പർ (ജി.എസ്.ടി.ഐ.എൻ.) ഉമൊത്തുള്ള എല്ലാ യൂണിറ്റുകളും, സംയുക്തമായി ഒറ്റ സംരംഭമായി പരിഗണിക്കപ്പെടുന്നതും അത്തരത്തിലുള്ള എല്ലാ എന്റിറ്റികളുടെയും വിറ്റുവരവിന്റെയും നിക്ഷേപത്തിന്റെയും കണക്കുകൾ ഒരുമിച്ച് കാണുന്നതുമാണ്, കൂടാതെ മൊത്തത്തിലുള്ള മൂല്യങ്ങൾ മാത്രമേ സംരംഭത്തിന്റെ കാറ്റഗറി സൂക്ഷമമാണോ, ചെറുകിടമാണോ അതോ ഇടത്തരമാണോ എന്ന് തീരുമാനിക്കുന്നതിനായി പരിഗണിക്കുകയുമുള്ളൂ.

**4. പ്ലാന്റിലും യന്ത്രങ്ങളിലും അല്ലെങ്കിൽ ഉപകരണങ്ങളിലുമുള്ള നിക്ഷേപത്തിന്റെ കണക്കുകൂട്ടൽ.-**

(1) പ്ലാന്റിലും യന്ത്രങ്ങളിലും അല്ലെങ്കിൽ ഉപകരണങ്ങളിലുമുള്ള നിക്ഷേപത്തിന്റെ കണക്കുകൂട്ടൽ 1961ലെ ആദായ നികുതി നിയമത്തിനു കീഴിൽ ഫയൽ ചെയ്തിട്ടുള്ള മുൻ വർഷത്തിന്റെ ആദായ നികുതി റിട്ടേണുമായി (ഐ.ടി.ആർ.) ബന്ധിപ്പിക്കുന്നതാണ്.

(2) മുൻഐ.ടി.ആർ. ഒന്നും ലഭ്യമല്ലാത്തഒരു പുതിയ സംരംഭത്തിന്റെ കാര്യത്തിൽ, നിക്ഷേപം സംരംഭത്തിന്റെ പ്രമോട്ടറുടെ സ്വയം-പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ആയിരിക്കുന്നതും, അത്തരം ഇളവ് അത് അതിന്റെ ആദ്യ ഐ.ടി.ആർ. സമർപ്പിക്കുന്ന സാമ്പത്തിക വർഷത്തിലെ മാർച്ച് 31ന് ശേഷം അവസാനിക്കുന്നതുമാണ്.

(3) സംരംഭത്തിന്റെ "പ്ലാന്റും യന്ത്രങ്ങളും അല്ലെങ്കിൽ ഉപകരണവും" എന്ന പ്രയോഗത്തിന്, 1961ലെ ആദായ നികുതി നിയമത്തിന് കീഴിൽ രൂപപ്പെടുത്തിയിട്ടുള്ള 1962ലെ ആദായ നികുതി ചട്ടങ്ങളിൽ പ്ലാന്റിനും യന്ത്രങ്ങൾക്കും കല്പിച്ചിട്ടുള്ള അതേ അർത്ഥമുണ്ടായിരിക്കുന്നതും, അതിൽ (ഭൂമി, കെട്ടിടം, ഫർണിച്ചർ, ഫിറ്റിംഗുകൾ എന്നിവ അല്ലാതെയുള്ള) പ്രത്യക്ഷമായ മറ്റെല്ലാ ആസ്തികളും ഉൾപ്പെടുന്നതുമാണ്.

(4) മുൻ ഐ.ടി.ആർ. ഒന്നും ലഭ്യമല്ലാത്ത ഒരു പുതിയ സംരംഭത്തിന്റെ കാര്യത്തിൽ,ഫസ്റ്റ് ഹാൻഡായോ, സെക്കൻഡ് ഹാൻഡായോ വാങ്ങുന്ന പ്ലാന്റിന്റെയും യന്ത്രങ്ങളുടെയും അല്ലെങ്കിൽ ഉപകരണങ്ങളുടെയും, ചരക്ക് സേവന നികുതി (ജി.എസ്.ടി.) ഒഴിവാക്കിയുള്ള വാങ്ങൽ (ഇൻവോയിസ്) മൂല്യം സ്വയം-പ്രസ്താവനയുടെ അടിസ്ഥാനത്തിൽ കണക്കിലെടുക്കുന്നതാണ്.

(4) പ്ലാന്റിലും യന്ത്രങ്ങളിലുമുള്ള നിക്ഷേപത്തിന്റെ തുക കണക്കുകൂട്ടുന്നതിൽ നിന്ന്, ആക്ടിന്റെ സെക്ഷൻ 7ന്റെ ഉപസെക്ഷൻ (I)നുള്ള വിശദീകരണം 1 ൽ വ്യക്തമാക്കിയിട്ടുള്ള ചില ഇനിങ്ങളുടെ വില ഒഴിവാക്കുന്നതാണ്.

**5. വിറ്റുവരവിന്റെ കണക്കുകൂട്ടൽ.-**

(1) സുക്ഷമമാണോ, ചെറുകിടയാണോ അതോ ഇടത്തരമാണോ എന്ന് വർഗ്ഗീകരിക്കുന്നതിന്റെ ഉദ്ദേശ്യത്തിനായി ഏത് സംരംഭത്തിന്റെയും വിറ്റുവരവ് കണക്കുകൂട്ടുമ്പോൾ ചരക്കുകളുടെ അല്ലെങ്കിൽ സേവനങ്ങളുടെ അല്ലെങ്കിൽ രണ്ടിന്റെയും കയറ്റുമതികൾ ഒഴിവാക്കേണ്ടതാണ്.

(2) ഒരു സംരംഭത്തിനുള്ള വിറ്റുവരവും കയറ്റുമതി വിറ്റുവരവും സംബന്ധിച്ച വിവരം ആദായ നികുതി നിയമവുമായി അല്ലെങ്കിൽ കേന്ദ്ര ചരക്കു സേവന നികുതി നിയമം (സി.ജി.എസ്.ടി. ആക്ട്), കൂടാതെ ജി.എസ്.ടി.ഐ.എൻ. എന്നിവയുമായി ബന്ധപ്പെടുത്തുന്നതാണ്.

(3) പാൻ ഇല്ലാത്ത അത്തരം സംരംഭത്തിന്റെ വിറ്റുവരവുമായി ബന്ധപ്പെട്ട കണക്കുകൾ 2021 വരെയുള്ള കാലയളവിലേക്ക് ഒരു സ്വയം-പ്രസ്താവനയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതും, അതിനുശേഷം പാനും ജി.എസ്.ടി.ഐ.എനും നിർബന്ധമായിരിക്കുന്നതുമാണ്.

**6. റജിസ്ട്രേഷൻ പ്രക്രിയ.-**

(1) റെജിസ്ട്രേഷനുള്ള ഫോം ഉദ്യം റെജിസ്ട്രേഷൻ പോർട്ടലിൽ നല്കിയിരിക്കുന്നത് പോലെയായിരിക്കണം

(2) ഉദ്യം റെജിസ്ട്രേഷൻ ഫയൽ ചെയ്യുന്നതിന് ഫീസ് ഉണ്ടായിരിക്കുന്നതല്ല.

(3) ഉദ്യം റെജിസ്ട്രേഷന് ആധാർ നമ്പർ ആവശ്യമാണ്.

(4) ആധാർ നമ്പർ, ഒരു പ്രൈപ്രൈറ്റർഷിപ്പ് സ്ഥാപനത്തിന്റെ കാര്യത്തിൽ പ്രൊപ്രൈറ്ററുടേതും, പാർട്ണർഷിപ്പ് ഫേമിന്റെ കാര്യത്തിൽ മാനേജിംഗ് പാർട്ട്ണറുടേതും, ഹിന്ദു അവിഭക്ത കുടുംബത്തിന്റെ (എച്.യു.എഫ്.) കാര്യത്തിൽ ഒരു കർത്തായുടേതുമായിരിക്കും.

(5) ഒരു കമ്പനി അല്ലെങ്കിൽ ലിമിറ്റഡ് ലയബിളിറ്റി പാർട്ട്ണർഷിപ്പ് അല്ലെങ്കിൽ ഒരു സഹകരണ സംഘം അല്ലെങ്കിൽ ഒരു സൊസൈറ്റി അല്ലെങ്കിൽ ഒരു ട്രസ്റ്റ് എന്നിവയുടെ കാര്യത്തിൽ സംഘടന അല്ലെങ്കിൽ അതിന്റെ അധികാരപ്പെടുത്തപ്പെട്ട സിഗ്നട്ടറി, ആധാർ നമ്പറിനൊപ്പം അതിന്റെ ജി.എസ്.ടി.ഐ.എൻ., പാൻ എന്നിവ നല്കേണ്ടതാണ്.

(6) പാൻ ഉള്ള ഒരു ഉദ്യം ആയി ശരിയായി റെജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സംരംഭത്തിന്റെ കാര്യത്തിൽ, അതിന് പാൻ ഇല്ലാതിരുന്ന മുൻ വർഷങ്ങൾക്കുള്ള വിവരങ്ങളിലെ ഏത് ന്യൂനതയും ഒരു സ്വയം പ്രഖ്യാപന അടിസ്ഥാനത്തിൽ പൂരിപ്പിക്കേണ്ടതാണ്.

(7) ഒരു സംരംഭവും ഒന്നിൽ കൂടുതൽ ഉദ്യം റെജിസ്ട്രേഷൻ ഫയൽ ചെയ്യാൻ പാടില്ല: ഒരു ഉദ്യം റെജിസ്ട്രേഷനിൽ നിർമ്മാണം അല്ലെങ്കിൽ സേവനം അല്ലെങ്കിൽ രണ്ടും കൂടി ഉൾപ്പെടുന്ന ഏത്രയെണ്ണം പ്രവൃത്തികൾ വേണമെങ്കിലും സൂചിപ്പിക്കാവുന്നതാണ് അല്ലെങ്കിൽ കൂട്ടിച്ചേർക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു..

(8) ഉദ്യം റെജിസ്ട്രേഷന്റെ അല്ലെങ്കിൽ അപ്ഡേഷന്റെ പ്രക്രിയയിൽ പ്രത്യക്ഷപ്പെടുന്ന സ്വയം-പ്രഖ്യാപിത വസ്തുതകളും കണക്കുകളും ബോധപൂർവ്വം തെറ്റിദ്ധരിപ്പിക്കുന്ന അല്ലെങ്കിൽ മൂടിവയ്ക്കാൻ ശ്രമിക്കുന്ന ഏത് വ്യക്തിയും ആക്ടിന്റെ വകുപ്പ് 27നു കീഴിൽ വ്യക്തമാക്കിയിട്ടുള്ള പിഴ അടയ്ക്കാൻ ബാദ്ധ്യസ്ഥമായിരിക്കും.

**7. നിലവിലുള്ള സംരംഭങ്ങളുടെ റെജിസ്ട്രേഷൻ.—**

(1) ഇ.എം.-പാർട്ട്-IIൽ അല്ലെങ്കിൽ യു.എ.എം.ൽ റെജിസ്റ്റർ ചെയ്തിട്ടുള്ള നിലവിലുള്ള എല്ലാ സംരംഭങ്ങളും 2020 ജൂലൈ 1നോ അതിനു ശേഷമോ ഉദ്യം റെജിസ്ട്രേഷൻ പോർട്ടലിൽ ഒരിക്കൽ കൂടി റെഡിസ്റ്റർ ചെയ്യേണ്ടതാണ്.

(2) 2020 ജൂൺ 30 വരെ റെജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ സംരംഭങ്ങളും ഈ വിജ്ഞാപനത്തിന് അനുസൃതമായി പുനഃവർഗ്ഗീകരിക്കുന്നതാണ്.

(3)2020 ജൂൺ 30 നു മുമ്പായി റെജിസ്റ്റർ ചെയ്തിട്ടുള്ള നിലവിലുള്ള എല്ലാ സംരംഭങ്ങളും, 2021 മാർച്ച് 31 വരെയുള്ള ഒരു കാലയളവിലേക്ക്മാത്രം സാധുവായി തുടരുന്നതാണ്.

(4) സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ മന്ത്രാലയത്തിനു കീഴിലുള്ള മറ്റേതെങ്കിലും സംഘടനയിൽ റെജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സംരംഭം ഉദ്യം റെജിസ്ട്രേഷനു കീഴിൽ റെജിസ്റ്റർ ചെയ്യേണ്ടതാണ്.

**8. വർഗ്ഗീകരണത്തിലെ വിവരങ്ങളുടെ അപ്ഡേഷനും പരിവർത്തന കാലയളവും.-**

(1) ഉദ്യം റെജിസ്ട്രേഷൻ നമ്പറുള്ള ഒരു സംരംഭം ഉദ്യം റെജിസ്ട്രേഷൻ പോർട്ടലിൽ, സ്വയം പ്രഖ്യാപന അടിസ്ഥാനത്തിൽ, മുൻ സാമ്പത്തിക വർഷത്തേക്കുള്ള ഐ.ടി.ആറിന്റെയും ജി.എസ്.ടി. റിട്ടേണിന്റെയും വിശദാംശങ്ങളും ആവശ്യമായിരിക്കുന്ന മറ്റ് അധിക വിവരങ്ങളും ഉൾപ്പെടെയുള്ള അതിന്റെ വിവരങ്ങൾ ഓൺലൈനായി അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

(2) ഉദ്യം റെജിസ്ട്രേഷൻ പോർട്ടലിൽ, നിശ്ചിത കാലാവധിയ്ക്കുള്ളിൽ പ്രസക്തമായ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാതിരിക്കുകയാണെങ്കിൽ, സംരംഭത്തിന്റെ പദവി റദ്ദ് ചെയ്യാവുന്നതാണ്.

(3) ഐ.ടി.ആർ. അല്ലെങ്കിൽ ജി.എസ്.ടി. റിട്ടേൺ ഉൾപ്പെടെ സർക്കാർ സ്രോതസ്സുകളിൽ സമർപ്പിച്ചിട്ടുള്ള അല്ലെങ്കിൽ അവയിൽ നിന്ന് ശേഖരിച്ചിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ, സംരംഭത്തിന്റെ വർഗ്ഗീകരണം അപ്ഡേറ്റ് ചെയ്യുന്നതാണ്.

(4) ഒരു സംരംഭത്തിന്റെ ഗ്രാഡുവേഷന്റെ (താഴെയുള്ള ഒരു കാറ്റഗറിയിൽ നിന്ന് ഉയർന്ന ഒരു കാറ്റഗറിയിലേക്ക്) അല്ലെങ്കിൽ റിവേഴ്സ്-ഗ്രാഡുവേഷന്റെ (താഴെയുള്ള കാറ്റഗറിയിലേക്ക് പതിക്കുക) സാഹചര്യത്തിൽ, പദവിയിലെ മാറ്റത്തെ കുറിച്ച് സംരംഭത്തിന് ഒരു അറിയിപ്പ് നല്കുന്നതാണ്.

(5) പ്ലാന്റിലും യന്ത്രങ്ങളിലും അല്ലെങ്കിൽ ഉപകരണങ്ങളിലുമുള്ള നിക്ഷേപത്തിന്റെ അല്ലെങ്കിൽ വിറ്റുവരവിന്റെ അല്ലെങ്കിൽ രണ്ടിന്റെയും കൂടെ അടിസ്ഥാനത്തിൽ മുകളിലേക്ക് ഒരു മാറ്റവും തുടർന്നുള്ള പുനഃവർഗ്ഗീകരണവും ഉണ്ടാകുന്ന സാഹചര്യത്തിൽ, ഒരു സംരംഭം, റെജിസ്ട്രേഷന്റെ വർഷത്തിന്റെ അവസാനം മുതലുള്ള ഒരു വർഷം കഴിയുന്നത് വരെ അതിന്റെ നിലവിലുള്ള പദവി നിലനിർത്തുന്നതാണ്.

(6) പുനഃവർഗ്ഗീകരണത്തിന്റെ ഫലമായി അല്ലെങ്കിൽ പ്ലാന്റിലും യന്ത്രങ്ങളിലും അല്ലെങ്കിൽ ഉപകരണങ്ങളിലുമുള്ള നിക്ഷേപത്തിൽ അല്ലെങ്കിൽ വിറ്റുവരവിൽ അല്ലെങ്കിൽ രണ്ടിലും വന്നിട്ടുള്ളയഥാർത്ഥ മാറ്റങ്ങൾ മൂലം ഒരു സംരംഭത്തിന്റെ റിവേഴ്സ്-ഗ്രാഡുവേഷന്റെ സാഹചര്യത്തിൽ, സംരംഭം ആക്ടിനു കീഴിൽ റെജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സംരംഭമാണെങ്കിലും അല്ലെങ്കിലും, ആ സംരംഭം റെജിസ്ട്രേഷന്റെ വർഷത്തിന്റെ അവസാനം വരെ അതിന്റെ നിലവിലുള്ള പദവിയിൽ തുടരുന്നതും, അത്തരം മാറ്റം സംഭവിച്ച വർഷത്തെ തുടർന്നുള്ള സാമ്പത്തിക വർഷത്തിന്റെ ഏപ്രിൽ 1 മുതൽ പ്രാബല്യത്തോടെ മാത്രം അതിന് മാറിയ പദവിയിയുടെ ആനുകൂല്യം നല്കുന്നതുമാണ്.

**9. സംരംഭങ്ങളുടെ ഫെസിലിറ്റേഷനും പരാതി പരിഹാരവും.-**

(1) ഡെവലപ്മെന്റ് ഇൻസ്റ്റിട്യൂട്ടുകൾ (എം.എസ്.എം.ഇ.-ഡി.ഐ.) ഉൾപ്പെടെ, സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കുള്ള മന്ത്രാലയത്തിന്റെ വിവിധ സ്ഥാപനങ്ങളിലും ഓഫീസുകളിലും പ്രവർത്തിക്കുന്ന ചാമ്പ്യൻസ് കൺട്രോൾ റൂമുകൾ, റെജിസ്ട്രേഷൻ പ്രക്രിയയ്ക്ക് സൗകര്യമൊരുക്കുന്നതിനും സാദ്ധ്യമായ എല്ലാ രീതിയിലും സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് കൈത്താങ്ങൽ നല്കുന്നതിനുമുള്ള ഏകജാലക സംവിധാനങ്ങളായി വർത്തിക്കേണ്ടതാണ്.

(2) ജില്ലാ വ്യവസായ കേന്ദ്രങ്ങൾ (ഡി.ഐ.സി.കൾ) അതാത് ജില്ലകളിലെ ഏകജാലക സൗകര്യ സംവിധാനങ്ങളായി വർത്തിക്കുന്നതാണ്.

(3) ആധാർ നമ്പർ ഇല്ലാത്തത് ഉൾപ്പെടെയുള്ള ഏത് കാരണത്താലും ഉദ്യം റെജിസ്ട്രേഷൻ ഫയൽ ചെയ്യാൻ സാധിക്കാത്ത ഏത് വ്യക്തിയും തന്റെ ആധാർ എൻറോൾമെന്റ് തിരിച്ചറിയൽ സ്ലിപ്പ് അല്ലെങ്കിൽ ആധാർ എൻറോൾമെന്റ് അപേക്ഷയുടെ പകർപ്പ് അല്ലെങ്കിൽ ബാങ്ക് ഫോട്ടോ പാസ്സ് ബുക്ക് അല്ലെങ്കിൽ വോട്ടർ തിരിച്ചറിയൽ കാർഡ് അല്ലെങ്കിൽ പാസ്സ്പോർട്ട് അല്ലെങ്കിൽ ഡ്രൈവിംഗ് ലൈസൻസ് സഹിതം മേൽപറഞ്ഞ ഏക ജാലക സംവിധാനങ്ങളെ സമീപിക്കുകയും ആഏക ജാലക സംവിധാനങ്ങൾ ആധാർ നമ്പർ കിട്ടുന്നതും അതിനെ തുടർന്ന് ഉദ്യം റെജിസ്ട്രേഷന്റെ പ്രക്രിയയും ഉൾപ്പെടെയുള്ളവയ്ക്ക സൗകര്യമൊരുക്കുന്നതാണ്.

(4) ഏതെങ്കിലും പൊരുത്തക്കേടോ പരാതിയോ ഉണ്ടാകുന്ന പക്ഷം, ബന്ധപ്പെട്ട ജില്ലയുടെ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ, സംരംഭകൻ സംമർപ്പിച്ച ഉദ്യം റെജിസ്ട്രേഷന്റെ വിശദാംശങ്ങളുടെ സൂക്ഷ്മപരിശോധനയ്ക്കുള്ള ഒരു അന്വേഷണം നടത്തേണ്ടതും അതിനുശേഷം ആവശ്യമായ പരാമാർശങ്ങളോടെ അക്കാര്യം ഡയറക്ടർക്ക് അല്ലെങ്കിൽ കമ്മീഷണർക്ക് അല്ലെങ്കിൽ ബന്ധപ്പെട്ട സംസ്ഥാന സർക്കാറിന്റെ വ്യവസായ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതും, അവർ സംരംഭകന് ഒരു നോട്ടീസ് നല്കുകയും തന്റെ കേസ് അവതരിപ്പിക്കാൻ ഒരു അവസരം നല്കുകയും ചെയ്ത ശേഷം, കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, വിശദാംശങ്ങൾ ഭേദഗതി ചെയ്യുകയോ ഉദ്യം റെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് റദ്ദാക്കുന്നതിന് ഭാരത സർക്കാറിൻരെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ മന്ത്രാലയത്തോട് ശുപാർശ ചെയ്യുകയോ ചെയ്യുന്നതാണ്.

[എഫ്. നം. 21 (5)/20 19പി.&ജി./പോളിസി (പാർട്ട്-IV)]
എ.കെ. ശർമ്മ, സെക്രട്ടറി